വെബ്സൈറ്റ്, മോഡസ് ഓപ്പറാൻഡി ബ്യൂറോ, ഇ-മെയിൽ സംവിധാനം എന്നിവ ഏർപ്പെടുത്തി.

13. 72 പോലീസ് സ്റ്റേഷനുകളിൽ ഹെഡ് കോൺസ്റ്റബിൾ/കോൺസ്റ്റബിൾമാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കി.

(ബി)&(സി) പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചു കൊണ്ട് 1998 നവംബർ മാസത്തിൽ സർക്കാർ ഉത്തരവാക്കിയിട്ടുണ്ട്. ഇതിനു പുറമേ ബറ്റാലിയനിലോ, ജില്ലാ സായുധ വിഭാഗത്തിലോ, ലോക്കൽ പോലീസിലോ ജോലി നോക്കുന്ന ഒരു പോലീസ് കോൺസ്റ്റബിൾ ഒരു പ്രൊമോഷൻ ടെസ്റ്റെങ്കിലും പാസ്സാകുകയും ആകെ പത്തുവർഷത്തെ സേവനം പൂർത്തിയാക്കുകയും ചെയ്താൽ ഹെഡ്കോൺസ്റ്റബിളിന്റെ ശമ്പള സ്കെയിലിൽ (4000-6090) ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഒരു ടെസ്റ്റും പാസ്സാകാത്ത 10 വർഷം സർവ്വീസു പൂർത്തിയാക്കിയ പോലീസുകാരന് 3350-5230/-രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് നൽകുന്നതാണ്. കൂടാതെ സബ്-ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിൽ 4600-3060 ത്തിൽ നിന്നും 5000-8150 ആയി ഉയർത്തിയിട്ടുണ്ട്. പോലീസ് സേനയുടെ പ്രത്യേക ജോലി സ്വഭാവം കണക്കിലെടുത്ത് നിലവിലുള്ള ദേശീയ അവധികൾക്ക് പുറമേ തിരുവോണം, ക്രിസ്മസ്, ബക്രീദ് എന്നീ അവധി ദിനങ്ങൾ കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് നഗരത്തിലെ മയക്കുമരുന്ന് വിൽപ്പന

(86) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ബംഗ്ലാദേശിലെ ശാന്തിനഗർ കോളനി കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പനയും സാമൂഹ്യ വിരുദ്ധ പ്രവർത്തനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോളനിയിലുള്ളവരെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടുപിടിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചുവന്നതായി പരാതി

(87) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly